# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE


**നം. പി.ആർ. 124/2025 തിരുവനന്തപുരം, തീയതി: 09.06.2025**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ന്യൂജെനറേഷൻ ഡബിൾ മെയിൻ ബിഎസ്‌സി മാത്തമാറ്റിക്സ് & കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബിഎ ഇക്കണോമിക്സ് ആന്റ് മാത്തമാറ്റിക്സ് ഡിഗ്രി പരീക്ഷകളുടെ (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2025 ജൂൺ 14. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ജൂലൈ 9 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി (റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 - 2018 അഡ്മിഷൻ) ബിരുദ പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ, എം.ബി.എ - ജനറൽ (ഈവനിംഗ് - റെഗുലർ) (2025-27 ബാച്ച്) പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഇൻഡസ്ട്രി/സർവീസ് സെക്ടറിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്ക് പങ്കെടുക്കാവുന്നതാണ്. താല്പര്യം ഉള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി 2025 ജൂൺ 21 (ശനിയാഴ്ച) 10.00 മണിക്ക് കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ജൂൺ 10 മുതൽ 18 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**